# കേരളത്തിന്റെ ധനകാര്യ സമ്പദ്‌വ്യവസ്ഥയും പുതിയ ഭരണ വെല്ലുവിളിയും: ഭൂതകാലവും ഭാവിയും

ഡോ. ജോസഫ് ഏബ്രഹാം

കേരളത്തിന്റെ ധനകാര്യ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ഒരു വൈറ്റ് പേപ്പർ തയ്യാറാക്കുന്നതിനായി മുൻ കേന്ദ്ര കാബിനറ്റ് സെക്രട്ടറി കെ.എം. ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ പുതിയ സർക്കാർ ഒരു ഉന്നതതല സമിതിയെ രൂപീകരിച്ചിരിക്കുകയാണ്. കേരളം നിലവിൽ നേരിടുന്ന (i) ഉയർന്ന പൊതു കടബാധ്യത, (ii) വർധിച്ചു വരുന്ന പലിശ തിരിച്ചടിഭാരം, (iii) സ്ഥിരമായ റവന്യൂ കുറവ്, (iv) കഠിനമായ സ്ഥിരബാധ്യതാ ചെലവുകൾ, (v) FRBM-ബന്ധിത ധനകാര്യ സ്വാതന്ത്ര്യത്തിന്റെ ചുരുങ്ങൽ, (vi) വായ്പകളിലും ഓഫ്-ബജറ്റ് ബാധ്യതകളിലും വർധിച്ചു വരുന്ന ആശ്രയം, (vii) നികുതി വളർച്ചയിലെ ദൗർബല്യം, (viii) KIIFB പോലുള്ള അടിസ്ഥാനസൗകര്യ ധനസമാഹരണ സ്ഥാപനങ്ങളിലെ സാമ്പത്തിക സമ്മർദ്ദം തുടങ്ങിയ കാരണങ്ങളാലാണ് ഇത്തരമൊരു വൈറ്റ് പേപ്പറിന്റെ ആവശ്യകത സർക്കാർ ന്യായീകരിച്ചിരിക്കുന്നത്.

പ്രസ്താവിത വൈറ്റ് പേപ്പർ കേരളത്തിന്റെ ധനകാര്യ സമ്പദ്‌വ്യവസ്ഥയുടെ രോഗനിർണയപരമായ വിലയിരുത്തൽ നടത്തുകയും ധനകാര്യ പുനഃസംഘടനക്കും സാമ്പത്തിക പുനരുജ്ജീവനത്തിനുമായി ഒരു മധ്യകാല റോഡ് മാപ്പ് നിർദ്ദേശിക്കുകയും ചെയ്യുമെന്ന പ്രതീക്ഷയോടെയാണ് രൂപീകരിക്കപ്പെട്ടിരിക്കുന്നത്.

മുകളിൽ പറഞ്ഞ സർക്കാർ നീക്കങ്ങളിൽ നിന്നെല്ലാം സ്വതന്ത്രമായി, 2011-15, 2016-20, 2021-25 എന്നീ കാലഘട്ടങ്ങളിലും പുതിയ സർക്കാരിന്റെ ആദ്യ വർഷമായ 2026-27 വരെയും, അതോടൊപ്പം 2030 വരെയുള്ള കാലയളവിനെയും ഉൾപ്പെടുത്തി കേരള സമ്പദ് വ്യവസ്ഥയുടെ ധനകാര്യ പ്രതിസന്ധിയെ ഞങ്ങൾ സ്വതന്ത്രമായി വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്.

കഴിഞ്ഞ പതിനഞ്ച് വർഷക്കാലം കേരളം ഒരു UDF സർക്കാരിനെയും തുടർച്ചയായി രണ്ട് LDF സർക്കാരുകളെയും അനുഭവിച്ചു. ഞങ്ങളുടെ കണ്ടെത്തലുകൾ വിദഗ്ധ സമിതി മുന്നോട്ടുവച്ച നിരീക്ഷണങ്ങളുമായി വലിയ രീതിയിൽ യോജിച്ചുപോകുന്നതാണ്. അതോടൊപ്പം പുതിയ സർക്കാരിനായി അടുത്ത അഞ്ച് വർഷത്തെ ധനകാര്യ കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളുമാണ് ഇവിടെ മുന്നോട്ടു വയ്ക്കുന്നത്.

ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള UDF സർക്കാർ ധനകാര്യ മാനേജ്മെന്റിൽ ഗണ്യമായ നിയന്ത്രണശേഷി കാട്ടിയതും പ്രധാന ധനകാര്യ സൂചികകളിൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥ നല്ല നിലയിൽ നിന്നിരുന്നതുമാണ് ഞങ്ങളുടെ വിലയിരുത്തൽ. എന്നാൽ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള തുടർച്ചയായ രണ്ട് LDF സർക്കാരുകൾ കേരളത്തിന്റെ ധനകാര്യ സംവിധാനത്തെ ഗുരുതര പ്രതിസന്ധി യിലേക്ക് തള്ളിയതായി ഞങ്ങൾ നിരീക്ഷിക്കുന്നു.

LDF രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥാ ദർശനം നഷ്ടപ്പെട്ട ഭരണരീതിയും പരിമിതമായ വിഭവങ്ങളുടെ അമിത വിനിയോഗവും കേരള ത്തിന്റെ ധനകാര്യ സമ്പദ്‌വ്യവസ്ഥയെ തളർത്തുകയും മന്ദഗതിയി ലാക്കുകയും ചെയ്തുവെന്നാണ് ഞങ്ങളുടെ അടിസ്ഥാന നിരീക്ഷണം.

FY2011-12 മുതൽ FY2025-26 വരെയും, അതോടൊപ്പം FY2026-30 വരെയും ബാധകമായ ഘടനാപരമായ രോഗനിർണയവും, തിരുത്തൽ ചട്ട ക്കൂടുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇതിൽ:-• അഞ്ച് വർഷ ശരാശരികൾ,
ഞങ്ങളുടെ കണ്ടെത്തലുകൾ കെ.എം. ചന്ദ്രശേഖർ സമിതിയുടെ വിലയിരുത്തലുകളുമായി പൊരുത്തപ്പെടുന്നതാണ്. അതോടൊപ്പം പുതിയ സർക്കാരിനായി അടുത്ത അഞ്ച് വർഷത്തേക്കുള്ള നിർബന്ധമായ ലക്ഷ്യങ്ങളും ഇവിടെ നിർദ്ദേശിക്കുന്നു.

ഈ ഉത്തരവാദിത്വത്തിന്റെ മുഴുവൻ ഭാരവും കേരള സർക്കാർ ധനകാര്യ വകുപ്പിന്മേലാണ്. ഈ വെല്ലുവിളികളെ സമയബന്ധിതവും കാര്യക്ഷമവുമായ രീതിയിൽ കൈകാര്യം ചെയ്യാൻ മുഖ്യമന്ത്രിക്ക് കഴിവുള്ളതും സമർപ്പിതവുമായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യ മാകട്ടെ.

1. <u>പൊതു കടബാധ്യത</u>

കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടെ കേരളത്തിന്റെ പൊതുകടം തുടർച്ചയായി വർധിച്ചു:

- FY2015-16ൽ ₹1.58 ലക്ഷം കോടി,
- FY2020-21ൽ ₹2.96 ലക്ഷം കോടി,
- FY2025-26ൽ ₹4.82 ലക്ഷം കോടി.

പുതിയ സർക്കാരിന്റെ ആദ്യ വർഷമായ FY2026-27 കടവളർച്ചയുടെ വർഷമല്ല, മറിച്ച് കടസ്ഥിരീകരണത്തിന്റെ വർഷമാകേണ്ടതാണ്.

Debt-GSDP അനുപാതം 30.5%ൽ നിന്ന് FY2020-21ൽ 38% വരെ ഉയർന്ന് പിന്നീട് 33.8% ആയി കുറഞ്ഞു.

കേരളത്തിന്റെ ഭേദഗതി ചെയ്ത FRBM ചട്ടപ്രകാരം Debt-GSDP അനുപാതം 32% അല്ലെങ്കിൽ അതിൽ താഴെയാകുന്നതാണ് അഭിലഷണീയം.

അതിനാൽ പുതിയ സർക്കാർ;

• Debt-GSDP അനുപാതം FY2026-27 മുതൽ FY2028-29 വരെ 32%ലേക്ക് കുറയ്ക്കുകയും,

• മധ്യകാലയളവിൽ 30% ലക്ഷ്യമിടുകയും വേണം.

ഇതിനായി:-

• കടവളർച്ചയെക്കാൾ വേഗത്തിൽ GSDP വളരണം,

• ഉൽപാദനക്ഷമമല്ലാത്ത വായ്പകൾ കുറയ്ക്കണം,

• മൂലധന ചെലവുകൾക്ക് മുൻഗണന നൽകണം,

• സ്വന്തം നികുതി വരുമാനം വർധിപ്പിക്കണം,

• റവന്യൂ കുറവ് കുറയ്ക്കണം.

ധനകാര്യ വകുപ്പ്:-

• Debt Sustainability Reviews,

• വാർഷിക കടപരിധി,

• പദ്ധതി അടിസ്ഥാനത്തിലുള്ള വായ്പാ ഉൽപാദനക്ഷമതാ ഓഡിറ്റുകൾ,

• ഏകീകൃത കട വെളിപ്പെടുത്തൽ സംവിധാനം എന്നിവ നടപ്പാക്കണം.

## 2. <u>ഉയരുന്ന പലിശ ഭാരം</u>

കേരളത്തിന്റെ വാർഷിക പലിശ ഭാരം:

• FY2015-16ൽ ₹12,000 കോടി,

• FY2020-21ൽ ₹23,000 കോടി,

• FY2025-26ൽ ₹31,824 കോടി.

FY2026-27 പ്രവചനങ്ങൾ പ്രകാരം കടവളർച്ച ഉടൻ നിയന്ത്രിച്ചില്ലെങ്കിൽ വാർഷിക പലിശഭാരം ₹33,000 കോടിക്ക് മുകളിലെത്തും.

Revenue Receipts നോടുള്ള പലിശ ചെലവിന്റെ അനുപാതം 15–16%ൽ നിന്ന് ഏകദേശം 20% ആയി ഉയർന്നു.

10–12% വരെ സുരക്ഷിത മേഖലയായി കണക്കാക്കപ്പെടുമ്പോൾ, 18–20% മുകളിലുള്ളത് ഗുരുതര ധനകാര്യ സമ്മർദ്ദം സൂചിപ്പിക്കുന്നു.

അതിനാൽ പുതിയ സർക്കാർ:
• ഈ അനുപാതം FY2026-27ൽ 17–18%ലേക്ക് കുറയ്ക്കുകയും,
• മധ്യകാലയളവിൽ 15%ൽ താഴെയാക്കുകയും വേണം.

ഇതിനായി:
• കടസമാഹരണം മന്ദഗതിയിലാക്കുക,
• ചെലവേറിയ കടങ്ങൾ refinance ചെയ്യുക,
• വരുമാന വളർച്ച വർധിപ്പിക്കുക,
• ആവർത്തന ചെലവുകൾക്കായി വായ്പ ഒഴിവാക്കുക
എന്നിവ ആവശ്യമാണ്.

## 3. <u>സ്ഥിരമായ റവന്യൂ കുറവ്</u>

കേരളം മുഴുവൻ പതിനഞ്ച് വർഷവും Revenue Deficit സംസ്ഥാനമായിരുന്നു.

Revenue Deficit:
• FY2015-16ൽ ₹13,000 കോടി,
• FY2020-21ൽ ₹24,000 കോടി,
• FY2025-26ൽ ₹27,125 കോടി.

FY2026-27ൽ ഇത് ആദ്യം ₹22,000–23,000 കോടിയിലേക്ക് കുറയ്ക്കണം.

കഴിഞ്ഞ പതിനഞ്ച് വർഷത്തെ മൊത്തം Revenue Deficit:
• FY2011-16 : ₹50,000 കോടി
• FY2016-21 : ₹85,000 കോടി
• FY2021-26 : ₹1.15 ലക്ഷം കോടി

FRBM തത്വപ്രകാരം Revenue Deficit ശൂന്യത്തിനടുത്താകണം.ഇതിനായി:-
• ചെലവ് മുൻഗണന ക്രമീകരണം,
• നികുതി ശേഖരണ മെച്ചപ്പെടുത്തൽ,
• സബ്സിഡി പുനഃസംഘടന,
• പൊതുമേഖലാ കാര്യക്ഷമത വർധിപ്പിക്കൽആവശ്യമാണ്.

## 4. <u>കഠിന സ്ഥിരബാധ്യതാ ചെലവുകൾ</u>

Committed Expenditure:
• FY2015-16ൽ ₹45,000 കോടി,
• FY2020-21ൽ ₹79,000 കോടി,
• FY2025-26ൽ ₹92,728 കോടി.

Revenue Expenditure നോടുള്ള വിഹിതം 62% ൽ നിന്ന് 68% വരെ ഉയർന്നു.

Salary + Pension + Interest ചേർന്നത് സാധാരണയായി Revenue Expenditure ന്റെ 50–55% കവിയരുത്. എന്നാൽ കേരളം ഇപ്പോൾ 65%ക്ക് സമീപമാണ്.

ഇതിന് കാരണം:
• പെൻഷൻ ബാധ്യതയുടെ വർധന,
• ശമ്പള പരിഷ്കാരങ്ങൾ,
• പലിശച്ചെലവിന്റെ കൂട്ടിച്ചേരൽ.

ഇതിന്റെ ഫലമായി:
• വികസന ചെലവുകൾ,
• അടിസ്ഥാന സൗകര്യപരിപാലനം,
• നവോത്ഥാന നിക്ഷേപങ്ങൾ,
• ഉൽപാദന നിക്ഷേപങ്ങൾ
എല്ലാം ചുരുങ്ങുന്നു.

ഇതിന്:
• പെൻഷൻ പരിഷ്കാരം,
• ഭരണ പുനഃസംഘടന,
• ഡിജിറ്റൽ ഭരണവൽക്കരണം,
• ഒഴിവ് നിയന്ത്രണം,
• ഉൽപാദനക്ഷമത അടിസ്ഥാനമാക്കിയ ചെലവ് നിയന്ത്രണം എന്നിവ ആവശ്യമാണ്.

**5. <u>FRBM ബന്ധിത ധനകാര്യ സ്വാതന്ത്ര്യത്തിന്റെ ചുരുങ്ങൽ</u>**

കേരളം FRBM വായ്പാ പരിധിക്ക് അടുത്താണ് പ്രവർത്തിക്കുന്നത്.

Fiscal Deficit:
• FY2015-16ൽ 3.2%,
• FY2020-21ൽ 4.3%,
• FY2025-26ൽ 3.2%.

FY2026-27ൽ ഇത് 3% പരിധിയിൽ നിലനിർത്തേണ്ടതാണ്.

വായ്പാ സ്വാതന്ത്ര്യം ചുരുങ്ങാൻ കാരണം:
• Debt Ratio വർധിച്ചു,
• Off-budget liabilities വർധിച്ചു,
• Borrowing ceilings കർശനമായി.

അതിനാൽ:
• Revenue Deficit കുറയ്ക്കുക,
• Fiscal transparency മെച്ചപ്പെടുത്തുക,
• വൈദ്യുതി മേഖല പരിഷ്കരിക്കുക,
• Tax buoyancy ഉയർത്തുക,
• Off-budget borrowing കുറയ്ക്കുക എന്നിവ ആവശ്യമാണ്.

**6. ഓഫ്-ബജറ്റ് ബാധ്യതകളും KIIFB സമ്മർദ്ദവും**

Off-budget liabilities:
• FY2015-16ൽ ₹12,000 കോടി,
• FY2020-21ൽ ₹52,000 കോടി,
• FY2025-26ൽ ₹90,000 കോടി.

FY2026-27 മുതൽ ഇവയുടെ പൂർണ്ണ വെളിപ്പെടുത്തൽ അനിവാര്യമാണ്.

FY2016-21 കാലഘട്ടത്തിൽ മാത്രം ഇവ 333% വർധിച്ചു.

KIIFB അടിസ്ഥാന സൗകര്യ വികസനം വേഗത്തിലാക്കിയെങ്കിലും തിരിച്ചടികൾ ഭാവിയിലേക്ക് മാറ്റപ്പെട്ടു.

ഇതിനാൽ:-
• KIIFB ബാധ്യതകൾ ഏകീകൃത കടക്കണക്കിൽ ഉൾപ്പെടുത്തുക,
• ചെലവേറിയ ബാധ്യതകൾ പുനഃസംഘടിപ്പിക്കുക,
• ഉയർന്ന പ്രതിഫലം നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുക,
• costly debt refinance ചെയ്യുക,
• future guarantees നിയന്ത്രിക്കുക എന്നിവ ആവശ്യമാണ്.

**7. നികുതി വളർച്ചയിലെ ദൗർബല്യം**

കേരളത്തിന്റെ സ്വന്തം നികുതി വരുമാനം:
• FY2015-16ൽ ₹43,000 കോടി,
• FY2020-21ൽ ₹67,000 കോടി,
• FY2025-26ൽ ₹96,000 കോടി.

എന്നാൽ Tax Buoyancy:
• 1.08ൽ നിന്ന്
• FY2020-21ൽ 0.82 ആയി കുറഞ്ഞു,
• ഇപ്പോൾ 0.95ൽ തുടരുന്നു.

ഇത് വരുമാന വളർച്ച ചെലവ് വളർച്ചയെ പിന്തുടരുന്നില്ലെന്ന് വ്യക്തമാക്കുന്നു.

Tax buoyancy 1.1 ൽ മുകളിലെത്തിക്കേണ്ടത് അനിവാര്യമാണ്.

ഇതിനായി:-
• നികുതി അടിസ്ഥാനവ്യാപനം,
• ഡിജിറ്റൽ compliance,
• നികുതി വകുപ്പ് പുനഃസംഘടന,
• ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധന ആവശ്യമാണ്.

**<u>സമാപനം</u>**

കേരള സർക്കാർ ധനകാര്യ വകുപ്പ് ഈ മഹത്തായ വെല്ലുവിളി ഏറ്റെടുത്ത് കേരളത്തിന്റെ സുസ്ഥിര വികസനത്തിന് വഴിയൊരുക്കുമെന്ന പ്രത്യാശയിലാണ് നാം.